**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിതം ഹരിപ്പാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രോജക്ട് രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി അടങ്കൽ കണക്കാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; | (എ) | ചെറുതന, പള്ളിപ്പാട്, കരുവാറ്റ ഗ്രാമപഞ്ചായത്തുകളിലെയും ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെയും വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ട പ്രൊജക്റ്റ് പ്രൊപ്പോസലിന്മേൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കരുവാറ്റ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ റാമ്പ് നിർമാണം, പമ്പ്സെറ്റ്, പുറം ബണ്ട്, പൊതുമട, കലിങ്ക്, ചാൽ എന്നീ പ്രവർത്തനങ്ങൾക്കായി 169.25 ലക്ഷം രൂപയും പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ പാടശേഖര ങ്ങളിൽ റാമ്പ് നിർമാണം, പമ്പ്സെറ്റ്, പുറം ബണ്ട്, കൾവെട്ട്, പമ്പ്സെറ്റ് ഷെഡ്, വിത്ത് സൂക്ഷിക്കുന്നതിനുള്ള കെട്ടിടം, ചാൽ എന്നിവയ്ക്കായി 167.25 ലക്ഷം രൂപയും ചെറുതന ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ പമ്പ്സെറ്റ്, ബണ്ട് നിർമാണം, കലിങ്ക് പുനർനിർമാണം, തോട് ആഴംകൂട്ടൽ, റാമ്പ് എന്നിവയ്ക്കായി 161.615 ലക്ഷം രൂപയും ഹരിപ്പാട് മുൻസിപ്പാലിറ്റിയിലെ പാടശേഖരങ്ങളിൽ പെട്ടി, പറ, പമ്പ്സെറ്റ് ഷെഡ്, ട്രാക്ടർ റോഡ് നിർമാണം, തോട് വൃത്തിയാക്കൽ, റാമ്പ് നിർമാണം, തോടിന്റെ ആഴം കൂട്ടൽ, പുറം ബണ്ട് നിർമാണം എന്നിവയ്ക്കായി 201.885 ലക്ഷം രൂപയും ഉൾപ്പടെ ആകെ 700 ലക്ഷം രൂപയാണ് അടങ്കൽ തുകയായി കണക്കാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രോജക്ടിന്റെ ഭരണാനുമതി നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് സഹിതം ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വ്യക്തമായ സമയക്രമവും ആക്റ്റിവിറ്റി കലണ്ടർ അടിസ്ഥാനമാക്കിയുള്ള നിർവ്വഹണവും ഉറപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് സഹിതം ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ